ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം ചുമർ ശിൽപ്പങ്ങളാക്കി ഉണ്ണികാനായി

പയ്യന്നൂർ: 'നമുക്ക് ജാതിയില്ലാ' വിളംബരത്തിന്റെ നൂറാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കുന്ന ശ്രീനാരായണ ഗുരു പാർക്കിലേക്ക് ശ്രീനാരായണഗുരുവിന്റെ ജീവചരിത്രം ചുമർ ശിൽപ്പങ്ങളാക്കുകയാണ് ശിൽപ്പി ഉണ്ണികാനായി.

ഫൈബർ ഗ്ലാസിൽ വെങ്കല നിറം പൂശിയ ചുമർ ശിൽപ്പത്തിന് ആറടി നീളവും നാലടി വീതിയുമുണ്ട്.ഇങ്ങനെയുള്ള 26 ചുമർ ശിൽപ്പങ്ങൾ 624 സ്ക്വയർ ഫീറ്റിൽ പൂർത്തിയായി. ആദ്യം കളിമണ്ണിൽ പൂർത്തിയാക്കിയ ശിൽപ്പം പ്ലാസ്റ്റർ ഓഫ് പാരീസിൽ മോൾഡ് എടുത്ത ശേഷം ഫൈബർ ഗ്ലാസിലേക്ക് മാറ്റുകയാണ് ചെയ്തത്. എട്ടുമാസം സമയം എടുത്ത് പൂർത്തിയാക്കിയ ചുമർ ശിൽപ്പത്തിനകത്ത് രൂപ

ഉണ്ണി കാനായി ശിൽപ്പരചനയ്ക്കിടയിൽ

കൽപ്പന ചെയ്ത് ശ്രീനാരായണ ഗുരുവിന്റെ ബാല്യം, കൗമാരം, യൗവ്വനം, വാർധക്യം എന്നീ കാലഘട്ടങ്ങൾ കൂടാതെ ചരിത്ര പ്രസിദ്ധമായ കണ്ണാടി പ്രതിഷ്ഠയും അരുവിക്കര പ്രതിഷ്ഠയും. അനീതിക്കും അന്ധവിശ്വാസത്തിനെതിരെയുള്ള പോരാട്ടവും ശൈശവ വിവാഹത്തിനെതിരെയും നരബലിക്ക് എതിരെയും മിശ്ര വിവാഹ പ്രോത്സാഹനം, പന്തിഭോജനം, മഹാത്മാഗാന്ധി ശ്രീനാരായണ ഗുരുവിന്റെ ആശ്രമം സന്ദർശിക്കുന്ന നിമിഷം, രവീന്ദ്രനാഥ ടാഗോർ ആശ്രമം സന്ദർശിക്കുന്ന നിമിഷം, ചട്ടമ്പി സ്വാമികളെ കണ്ടുമുട്ടുന്ന നിമിഷം, ഗുരുവിന്റെ ശ്രീലങ്കൻ സന്ദർശനം, കൂടാതെ ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രത്തിലടയാളപ്പെടുത്തിയ നിമിഷങ്ങളെല്ലാം ചുമർ ശിൽപ്പങ്ങളാക്കുകയാണ് ഉണ്ണികാനായി. കഴിഞ്ഞ മാസം ചതയ ദിനത്തിലായിരുന്നു തിരുവനന്തപുരത്ത് ഉണ്ണി കാനായി നിർമ്മിച്ച ശ്രീനാരായ ഗുരുവിന്റെ വെങ്കല ശിൽപ്പം മുഖ്യമന്ത്രി അനാഛാദനം ചെയ്തത്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ രക്ഷിതാക്കൾ ഉപവസിച്ചു

കാഞ്ഞങ്ങാട്: ജില്ലാ ആശുപത്രി, കോവിഡിതര രോഗികൾക്കും ചികിത്സ ലഭിക്കാൻ പഴയതു പോലെ തുടരണമെന്നും തെക്കിലിൽ ടാറ്റ അറുപത് കോടിയിലധികം രൂപ മുടക്കി യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിച്ച് സർക്കാറിന് കൈമാറിയ കോവിഡ് ഹോസ്പിറ്റൽ ആധുനിക സജ്ജീകരണത്തോടെ പ്രവർത്തിക്കണമെന്നുമാവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ആഫീസിനു മുമ്പിൽ നടത്തി വരുന്ന റിലേ നിരാഹാരം രണ്ടാം ദിവസം പിന്നിട്ടു.

ജനകീയ സമരസമിതി അദ്ധ്യക്ഷ ജമീല ഉളയത്തടുക്ക ഉദ്ഘാടനം ചെയ്തു. കർമ്മ സമിതി നേതാവ് ടി. മുഹമ്മദ് അസ്സം അദ്ധ്യക്ഷം വഹിച്ചു. താജുദ്ദീൻ, പ്രേമചന്ദൻ, പി.വി. സുരേഷ്, എം. കുഞ്ഞികൃഷ്ണൻ, രാമകൃഷ്ണൻ, വി.കെ. വിനയൻ, പി.കൃഷ്ണൻ, സി സ്റ്റർ ജയ മംഗലത്ത് എന്നിവർ സംസാരിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരുടെ രക്ഷിതാക്കളായ ശകുന്തള അരയി, അനിത.കെ, ശാന്ത. ഇ, കൃഷ്ണൻ, ടി.വി. സുരേഷ് സത്യഗ്രഹം നടത്തി.കർമ്മ സമിതി ചെയർമാൻ യൂസഫ് ഹാജി നാരങ്ങാ നീര് നൽകി സമരം അവസാനിപ്പിച്ചു.

ജില്ലാ ആശുപത്രിയിൽ കോവിഡിതര ചികിത്സ വേണമെന്നാവശ്യപ്പെട്ട് ജനകീയ സമരസമിതി നടത്തിയ ഉപവാസം

അച്യുതാനന്ദൻ സർക്കാരിന്റെ കാലത്തെ അഴിമതികൾ അന്വേഷിക്കണം: സി എം പി

കാഞ്ഞങ്ങാട്: അച്യുതാനന്ദൻ സർക്കാരിന്റെ കാലത്തെ അഴിമതികൾ അന്വേഷിക്കുക, ബിനീഷ് ബോസ്സിന്റെ പണം ആരുടെ പണം, കോടിയേരിയെ ചോദ്യം ചെയ്യുക മുഖ്യമന്ത്രി രാജിവെക്കണം എന്നി മുദ്രാവാക്യങ്ങൾ ഉയർത്തി സി.എം.പി.ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷന് മുന്നിൽ പ്രതിഷേധ സമരം നടത്തി. പരിപാടി സി.എം.പി.സംസ്ഥാന എക്സി. കമ്മിറ്റിയംഗം ബി.സുകുമാരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സി.വി.തമ്പാൻ അധ്യക്ഷനായി. കെ. പി.സി.സി.സെക്രട്ടറി എം.അസിനാർ, ടി. വി. ഉമേശൻ (ജോ. സെക്രട്ടറി), പി.വി.രജിത, എന്നിവർ സംസാരിച്ചു' എൻ.കെ.രവി സ്വാഗതം പറഞ്ഞു.

കേരളപിറവി ദിനത്തിൽ മലയാള സെമിനാർ

ഉപ്പള: സപ്തഭാഷാ സംഗമ ഭൂമിയായ മഞ്ചേശ്വരത്ത് കേരള പിറവി ദിനത്തിൽ നടത്തിയ മലയാള സെമിനാർ ശ്രദ്ധേയമായി. പഞ്ചായത്ത് പ്രസിഡണ്ട് അസീസ് ഹാജി ഉദ്ഘാടനം ചെയ്തു.പ്രസിഡണ്ട് എം.കെ.അലി ആധ്യക്ഷം വഹിച്ചു. എ.ഇ.ഒ.ദിനേശൻ, എസ്.എസ്.എൽ.സി ഉന്നത വിജയികൾക്ക് ഉപഹാരം വിതരണം ചെയ്തു. കുട്ടിയാനം മുഹമ്മദ് കുഞ്ഞി മുഖ്യപ്രഭാഷണം നടത്തി. വി.നായകൻ, സത്യൻ സി.ഉപ്പള, ഹമീദ് കോസ്മോസ്, അബ്ബാസ് ഓണന്ത, കജ അബ്ദുല്ല, ഒ.എം.റഷീദ്, പി.എ.മൊയ്തീൻ അബ്ബ, ശിവാനന്ദൻ, കെ.ബി.മുഹമ്മദ്, റഹീം മീപ്പിരി, കൊട്ടാരം അബൂബക്കർ, സി.എ.ഖാദർ മാസ്റ്റർ, പി.കെ.ഹാരിസ്, അലി മജീർപ്പള്ള സംസാരിച്ചു.

കാടു മൂടിയ ട്രാഫിക് സിഗ്നലുകൾക്ക് ശാപമോക്ഷം

കാടുമൂടിയ ട്രാഫിക് സിഗ്നലുകൾ നന്മമരം കാഞ്ഞങ്ങാട് കൂട്ടായ്മ ശുചീകരിക്കുന്നതിന്റെ ഉദ്ഘാടനം ചെയർമാൻ കെ.പി.ജയരാജൻ നിർവ്വഹിക്കുന്നു

കാഞ്ഞങ്ങാട് :കാടുമൂടിയ ട്രാഫിക് സിഗ്നലുകൾക്ക് ശാപമോക്ഷം.നീലേശ്വരം മാർക്കറ്റ് മുതൽ കാഞ്ഞങ്ങാട് വരെയുള്ള സിഗ്നൽ ബോർഡ് പരിസരങ്ങൾ നന്മമരം കാഞ്ഞങ്ങാട് പ്രവർത്തകരും മോട്ടാർ വാഹനവകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗവും ചേർന്ന് ശുചീകരിച്ചു.നീലേശ്വരം മുൻസിപ്പൽ ചെയർമാൻ. കെ.പി.ജയരാജൻ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് സലാം കേരള ആധ്യക്ഷം വഹിച്ചു. എം വി ഐ വിജയൻ. എം സംസാരിച്ചു. മൊയ്തു പടന്നക്കാട് , ഉണ്ണിക്യഷ്ണൻ കിനാനൂർ സംസാരിച്ചു. സേഫ് കേരള എ.എം.വി.ഐമാരായ പി വി വിജേഷ്, കെ വി ഗണേശൻ, എം പ്രവീൺ കുമാർ സി വി, ജിജോ വിജയ്, എം വി ഡി ഡ്രൈവർ കെ മനോജ് കുമാർ, ബിബിജോസ്, രതീഷ് കുശാൽ നഗർ, പ്രകാശൻ, വിനോദ്, ഹരി, ജഗദീഷ്, പത്മരാജൻ ഐങ്ങാത്ത്, ശുഹൈൽ, ശ്രീഹരി നേതൃത്വം നൽകി.

ഭരണ ഭാഷാ വികസന സമിതി അവാർഡുകൾ വിതരണം ചെയ്തു

ഉപ്പള: എസ്.എസ്.എൽ.സി പരീക്ഷയിൽ മഞ്ചേശ്വരം താലൂക്കിലെ 15 മലയാളം ഹൈസ്കൂളുകളിൽ ഉന്നത വിജയം നേടിയ പ്രതിഭകൾക്ക് ഭരണ ഭാഷാ വികസന സമിതി അവാർഡുകൾ വീടുകളിൽ എത്തി വിതരണം ചെയ്തു. ജനപ്രതിനിധികളും പൗര പ്രമുഖരും വിവിധ ചടങ്ങുകളിൽ വിദ്യാർത്ഥികളെ ആദരിച്ചു.

സംസ്ഥാന ഉർദു സ്പെഷ്യൽ ഓഫീസർ എം.കെ.മുഹമ്മദ് സാലിഹ്, ദിനേഷ്, ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുസ്തഫ, റഹീം മീപ്പിരി, സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം പി.കെ.അഹമ്മദ് ഹുസൈൻ, വി.വി.ഷിജി, എം.കെ.അലി, വിനായകൻ, അബ്ബാസ് ഓണന്ത, കെ.എഫ് ഇഖ്ബാൽ, മുട്ടം മഹമൂദ്, ഒ.എം.റഷീദ്, ഇബ്രാഹിം കരീം, സത്യൻ, ജലീൽ അടുക്കം, സിദ്ദീഖ് തങ്ങൾ, കുഞ്ഞിമോണു കുഞ്ചത്തൂർ, ഗിരിജ, ദാക്ഷായണി, അമീർ പൈവളിഗെ, കുഞ്ഞബ്ദുള്ള, കെ.കെ. ഇസ്മായിൽ, സഹദ് അങ്കടിമുഗർ, നസീർ പെർള നേതൃത്വം നൽകി.

മോട്ടോർ തൊഴിലാളികൾക്കു കോവിഡ് ധനസഹായം

കാസർകോട്: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്കാറ്റേർഡ് വിഭാഗത്തിലെ തൊഴിലാളികൾക്ക് കോവിഡ്-19 ധനസഹായം അനുവദിക്കുന്നതിലേക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയ്യതി ഡിസംബർ 31വരെ ദീർഘിപ്പിച്ചു. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ജില്ലാഎക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

PUTHIGE GRAMA PANCHAYAT
Puthige P.O., Kumbla Via, Kasaragod District-671 321
email:secputhigegp@gmail.com Ph: 04998-245043

No.01/2020/AE/LSGD/PTG Dated: 05.11.2020

TENDER NOTICE

E tenders invited for various project vide Window No.G140146/2020. Details are available at Panchayat Office and on tender.lsgkerala.gov.in

Last date for accepting tenders : 12/11/2020
Date of opening tenders : 16/11/2020

Sd/- Secretary
Puthige Grama Panchayat.